**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1629** **16-10-2026-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിൽ സമഗ്ര നഗര ഗതാഗത പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനും വിവിധ പൊതുഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി സമഗ്ര നഗര ഗതാഗത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ.ഉ.(സാധാ.)നം.282/2023/ഗതാ നമ്പർ ഉത്തരവ് പ്രകാരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പ്ലാൻ [Comprehensive Mobility Plan (CMP)] കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** കോഴിക്കോട് നഗരത്തിനായി ഏകീകൃത നഗര ഗതാഗത മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കോഴിക്കോട് നഗരത്തിനായുള്ള ഏകീകൃത നഗര ഗതാഗത മാസ്റ്റർ പ്ലാൻ നിലവിലില്ല.

**(സി)** ബസ്, റെയിൽ, ലൈറ്റ് മെട്രോ, ജലഗതാഗതം തുടങ്ങിയ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** ബസ്, റെയിൽ, ലൈറ്റ് മെട്രോ, ജലഗതാഗതം തുടങ്ങിയ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിൽ തയ്യാറാക്കിയിട്ടില്ല.

**(ഡി)** കോഴിക്കോട് നഗരത്തിൽ കോമൺ മൊബിലിറ്റി അഥവാ ഇന്റഗ്രേറ്റഡ് പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും സമയക്രമവും വ്യക്തമാക്കാമോ?

**മറുപടി:** ഇല്ല. കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ യൂണിഫൈഡ് മെട്രോപൊളിറ്റൻ അതോറിറ്റി [Unified Metropolitan Transport Authority(UMTA)] രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 2026-27-ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലെ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയെ ശാക്തീകരിക്കുമെന്ന ബജറ്റ് നിർദ്ദേശത്തിനനുസൃതമായി കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയിലേക്ക് (KMTA)

പുതിയ ജനപ്രതിനിധിയെയും വിദഗ്ധ അംഗങ്ങളെയും ഉൾപ്പെടുത്തി അതോറിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ അതോറിറ്റി ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**